LIBRARY ARCHIVES Kerala Legislative Assembly

സഹായ സംഘങ്ങൾക്കും വനിതാഗ്രൂപ്പുകൾക്കും നൽകുന്നത്. കൂടാതെ, തരിശു ഭൂമിയിലെ തീറ്റപ്പുൽകൃഷി യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ, 20 സെന്റിനുമുകളിൽ തീറ്റപ്പുൽകൃഷി, ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവ തീറ്റപ്പുൽകൃഷി ഒരു തൊഴിലായി സ്വീകരിച്ചുവരുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽകൃഷി വ്യാപകമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ തീറ്റപ്പുൽകൃഷി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന വ്യാപകമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ നടപടി പുരോഗമിച്ചുവരുന്നു.

ക്ഷീരഗ്രാമം പദ്ധതി

325 (4713) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണ നയിലുണ്ടോ?

നടപ്പുസാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കാമോ?

പരിശോധനകൾക്കുശേഷം തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

പാൽ പരിശോധന അധികാരങ്ങൾ

326 (4714) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പി.&എ.ആർ.ഡി. പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.